ഉദ്യോഗസ്ഥനോട്ട് ഗവണ്മെൻറിനു് അങ്ങേയറ്റം സഹാനുഭൂതിയുണ്ടു്. അതു സംബന്ധിച്ചു് ഗവണ്മെൻറിനു ചെയ്യാവുന്ന എല്ലാ സംഗതികളും ചെയ്യുന്നതാണു്. ഈ സബ് ഇൻസ്പെക്ടരുടെ അച്ഛനും അമ്മയ്ക്കും ഗവണ്മെൻറിൽ നിന്നും കാമ്പൻസേഷൻ കൊടുക്കുന്നതിനുള്ള നടപടിയും എടുക്കുന്നതാണു്.

ശ്രീ. പൊന്നറ ജി, ശ്രീധർ: ഒരു സംഗതി അതെ സംബന്ധിച്ചു പറയുവാനുണ്ടു്. അദ്ദേഹം പറഞ്ഞുകഴിഞ്ഞതിനുശേഷം പറയാമെന്നു വിചാരിച്ചിരുന്നതാണു്.

മി. സ്പീക്കർ: അതേപ്പറ്റി ഒരു ഡിസ്കഷൻ ആവശ്യമില്ല.

Mr. Speaker: In the light of the facts stated by the Chief Minister, I do not think there is any need for a discussion under Rule 49. Hence I withhold consent to the moving of the motion.

2. Hunger strike by the members of the State Transport Employees Union.

Mr. Speaker: Sarvashree Ponnara G. Sreedhar, T. C. Narayanan Nambiar and P. M. Kunhiraman Nambiar have given notices of a motion under Rule 49 to discuss a matter of urgent public importance viz., the serious situation arising out of the hunger strike observed by Shri K. V. Surendranath since 30-3-1964 and also the mass hunger strike by the workers for a day in all District headquarters. I call upon the Minister to state the facts.

ശ്രീ. കെ. ടി. അച്യുതൻ: സ്റ്റേറ്റു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറു എംപ്ലായീസ് യൂണിയനിൽനിന്നും ചില ഡിമാൻറുകളും കുറച്ചുമാസങ്ങൾക്കു മുൻപു ഗവണ്മെൻറു മുമ്പാകെ കിട്ടുകയുണ്ടായി. അതിനുശേഷം രണ്ടുപ്രാവശ്യം ആ യൂണിയൻറെ പ്രതിനിധികളുമായി ചർച്ചകളും നടത്തി. രണ്ടാമത്തെ പ്രാവശ്യം ചർച്ചകളും നടത്തിയപ്പോൾ വിശദമായി എല്ലാ കാര്യങ്ങളെപ്പറ്റിയും സംസാരിച്ചതിനുശേഷം ഡിപ്പാർട്ടുമെൻറിനെകൊണ്ടു് അഡ്മിനിസ്റ്റർ ചെയ്യാവുന്ന കാര്യങ്ങളും ചെയ്യാമെന്നു ഞാൻ അവർക്കു് ഉറപ്പുകൊടുക്കുകയും അതിൽ ചില ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. മറ്റു സാമ്പത്തികമായ ബാദ്ധ്യതകളും വരുന്നതുകൊണ്ടു് ഇപ്പോൾ അതിനെപ്പറ്റി നിർബന്ധിക്കുവാൻ പാടില്ലെന്നും അതു് ഈ കൊല്ലത്തെ പ്രവർത്തനം കഴിഞ്ഞതിനുശേഷം നമുക്കു ആലോചിക്കാമെന്നും പറഞ്ഞു കഴിഞ്ഞിട്ടാണു് അതെപ്പറ്റി നടപടിയെടുത്തതു്. ഞാൻ ഉദ്ദേശിച്ചിരുന്നതു്, ഇതു കഴിഞ്ഞാൽ പിന്നെ കാര്യമായി വളരെയൊന്നും പറയാൻ ഉണ്ടാകുകയില്ലാ എന്നാണു്. ഇക്കൊല്ലത്തെ ആദായത്തിൻറെ കണക്കു് കിട്ടിക്കഴിഞ്ഞാൽ ഇനി ബാക്കി കാര്യങ്ങളും വരുന്നകൊല്ലം തീരുമാനിക്കാമെന്നും ഉദ്ദേശിച്ചിരിക്കുകയായിരുന്നു. ഒരുകാര്യംകൂടി ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുകയാണു്. ഈ മാർച്ചു് 31-ാംതീയതിവരെ 75 ലക്ഷം രൂപാ ആദായം കണക്കാക്കിയിരുന്നു. അതു് അഞ്ചോ, ആറോ ലക്ഷമായി കുറയും. അതു് ഇക്കൊല്ലത്തെയാണു്. അതിൽ അവരോടു് ഏപ്രിൽ 1-തീയതി മുതൽക്കുള്ള വർദ്ധിപ്പിച്ച അലവൻസിൻറെ കാര്യത്തെപ്പറ്റി ഞാൻ പറഞ്ഞില്ല. ഇപ്പോൾ സർക്കാർതന്നെ മൂന്നുരൂപായും, അഞ്ചുരൂപായും ഡീയർനസ് അലവൻസ് കൂട്ടാൻ പോകുകയാണു്. അതിൽതന്നെ മൂന്നിൽ ചിലപ്പോൾ ലക്ഷം രൂപാ കൂടുതലായി വേണ്ടിവരും. അതിനും പുറമെ, മറ്റു ചില ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു കൊടുക്കുന്നതിൻറെ നിലവച്ചുനോക്കിയാൽ അഞ്ചുലക്ഷം രൂപാ കൂടുതലായി വേണ്ടിവരും. അപ്പോൾ ഒരു എട്ടുലക്ഷം, ഒൻപതുലക്ഷം രൂപായോളം കൂടുതലായി ചെലവഴിക്കേണ്ടിവരും. അപ്പോൾ ഞാൻ പറഞ്ഞു; ഈ സാമ്പത്തികമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കുറച്ചുകൂടി നാം കുറേയായി ആലോചിക്കണമെന്നു്. മാത്രമല്ലാ, കൂടുതൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതുകൊണ്ടുണ്ടാകുന്ന ചെലവിനുള്ള പണം ഗവണ്മെൻറിൽനിന്നും അനുവദിക്കണമെന്നും വളരെ വിനീതമായി

LIBRARY ARCHIVES Kerala Legislative Assembly

അവരോട് പറഞ്ഞു. അതിനുശേഷം ഈ യൂണിയന്റെ സെക്രട്ടറി ഇതൊരു വലിയ കാര്യമായി കണക്കാക്കി; ഒരു മഹത്തായ ആയുധമായി നാം കരുതിയിരിക്കുന്ന നിരാഹാര സത്യാഗ്രഹം ഇപ്പോൾ തുടങ്ങിയിരിക്കുകയാണ്. അതു കുറെ കഷ്ടമായിപ്പോയി. അങ്ങനെ നിരാഹാര സത്യാഗ്രഹം ഏതു ലവലിലും ആകാമെന്നു വന്നു. അപ്പോൾ അതുകൊണ്ട് സർക്കാരിനെ ബുദ്ധിമുട്ടിക്കാം എന്നു കരുതിയായിരിക്കാം. ഏതായാലും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് ആക്ടനുസരിച്ച് സമ്മതിച്ച കാര്യങ്ങൾ ഒഴികെയുള്ള കാര്യങ്ങളെ സംബന്ധിച്ചു നാളെതന്നെ അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതിനു ഉത്തരവു പാസാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇനിയും അതു നീട്ടികൊണ്ടുപോകേണ്ട കാര്യമില്ല. അതു സാധിക്കുകയില്ലെന്നു കണ്ടാൽ നിയമാനുസൃതമായ നടപടികൾ എടുക്കുന്നതിൽ യാതൊരു ആക്ഷേപവുമില്ല, തടസ്സവുമില്ല, നാളെത്തന്നെ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടി അതിൽവച്ചു ചർച്ചചെയ്തു തീർക്കാവുന്ന കാര്യങ്ങൾ തീർക്കുന്നതിനും, ബാക്കികാര്യങ്ങളെ സംബന്ധിച്ചിടത്തോളം നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നതിനും അങ്ങനെ ഇക്കാര്യം അവസാനിപ്പിക്കാൻ യാതൊരു കാലതാമസവും ഉണ്ടാകുകയില്ല. ഈ നിലയിൽ ആ സെക്രട്ടറി ഇപ്പോൾ തുടങ്ങിയിരിക്കുന്ന നിരാഹാര സത്യാഗ്രഹം കണ്ടിന്യൂ ചെയ്യേണ്ട ആവശ്യമുണ്ടോ എന്നുള്ള കാര്യം നിഷ്പക്ഷമതികളായ എം, എൽ. എ. മാരും മറ്റാളുകളും ആലോചിക്കണം. വേറെ യാതൊന്നും ഉണ്ടാകുകയില്ലാ എന്നു ഞാൻ ഉറപ്പുനൽകുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇവിടെ എത്രയും കാര്യങ്ങൾ തീരുമാനിച്ചു കഴിഞ്ഞുവെന്നും അതിൽ ചിലതെല്ലാം നടപ്പാക്കി കഴിഞ്ഞുവെന്നും ബാക്കി കാര്യങ്ങളെ സംബന്ധിച്ചിടത്തോളം നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നും പറഞ്ഞു. എന്നാൽ ഇവിടെ ചെയ്തുകഴിഞ്ഞു എന്നു പറഞ്ഞ കാര്യങ്ങൾ ഒന്നുംതന്നെ ഇതുവരെ ചെയ്തിട്ടില്ല.

മി. സ്പീക്കർ: ഈ ഇഷ്യൂ ഗവണ്മെന്റിൽനിന്നും എത്രയും വേഗത്തിൽ കൈകാര്യംചെയ്യാൻ പോകുന്നു എന്നുള്ള ഉറപ്പു കിട്ടിയിരിക്കുന്നതുകൊണ്ട് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിന്റെ ആവശ്യമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: നിയമപ്രകാരം ഗവണ്മെന്റു ചെയ്യേണ്ട കാര്യങ്ങൾതന്നെ പലതും ഇതുവരെ ചെയ്തിട്ടില്ല.

മി. സ്പീക്കർ: നാളെത്തന്നെ അടിയന്തിരമായി ഈ കാര്യം പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമെന്നു മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: നിയമപ്രകാരം ഡയറക്ടർതന്നെ ചെയ്യാവുന്ന കാര്യങ്ങൾ, ഗവണ്മെന്റിന്റെ അനുമതിയോടുകൂടി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാത്തതുകൊണ്ടാണ് ഈ പ്രശ്നം ഇപ്പോൾ ഉന്നയിക്കുന്നതു്.

ശ്രീ. കെ. ടി. അച്യുതൻ: ഇതുസംബന്ധിച്ച പല കാര്യങ്ങളും 21-ാം തീയതിയിലെ കാൺഫറൻസിൽ ചർച്ചചെയ്തു ചില കാര്യത്തെ സംബന്ധിച്ചിടത്തോളം തീരുമാനം ഉണ്ടായിട്ടുണ്ട്. ശേഷം കാര്യങ്ങൾ നാളെത്തന്നെ ഒരു തീരുമാനത്തിലെത്തിക്കാൻ ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: മന്ത്രി ഉറപ്പുനൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഇതൊരു അടിയന്തിര പ്രമേയമായി ചർച്ചചെയ്യേണ്ട ആവശ്യമില്ലെന്നു തീരുമാനിക്കുന്നു.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: നിയമപ്രകാരം നാളെ വേണ്ടതു ചെയ്യാം എന്നു പറയുന്നു. എന്താണ് 'നിയമപ്രകാരം' എന്നു പറയുന്നതിന്റെ സാരം? രണ്ടുകൊല്ലമായിട്ട് ഗവണ്മെന്റിന്റെ മുൻപിൽ വന്നിട്ടുള്ള ഈ പ്രശ്നങ്ങൾക്ക് അടിയന്തിരവും, ഫലപ്രദവുമായ ഒരു സമീപനം സ്വീകരിക്കാതിരുന്നതുകൊണ്ടാണ് വളരെ സങ്കടത്തോടുകൂടി കഴിയുന്നതു് ഇത്തരത്തിലുള്ള സമരം ഒഴിവാക്കണമെന്നു കരുതിയിരുന്ന യൂണിയൻ ഈ സംരംഭത്തിൽ എർപ്പെട്ടിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. ഇപ്പോൾ പറയുന്നതു് നാളെ നിയമപ്രകാരം ഇതിനു വേണ്ടതു ചെയ്യാമെന്നാണ്, ആർബിട്രേഷനു വിടാമെന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ടി. അച്യുതൻ: അതു നാളെ അറിയാം.

Mr. Speaker: In the light of the facts stated by the Minister I withhold consent to the moving of the motion.

3. Mass picketing in front of the Kottayam Collectorate.

Mr. Speaker: Sarvashree C. Achutha Menon, M. M. Sundaram and T. K Ramakrishnan have given notices of a motion under Rule 49 to discuss a serious situation created by the mass picketing resorted to by The Valanjamganam refugees in front of the Kottayam Collectorate.

I call upon the Minister to state the facts.

ശ്രീ. ആർ. ശങ്കർ: സർ, വളഞ്ഞങ്ങാനത്തു താമസിച്ചിരുന്ന കുറേ ആളുകൾ ഏതാനും ആഴ്ചകൾക്കുമുൻപു് ഒരു ജാഥയായി പുറപ്പെട്ടു്, കോട്ടയം കളക്ടറേറ്റിൽ വന്നു് അതിനു മുൻപിൽ റോഡിൽ ഇരിക്കുകയായിരുന്നു. പക്ഷേ, അവർ അവിടെ വലിയ മാർഗ്ഗതടസമൊന്നും ഉണ്ടാക്കിയിട്ടില്ല. റോഡിൽക്കൂടി സാധാരണ നടന്നുപോകുന്നവർക്കോ, റോഡിൽക്കൂടി കളക്ടറേറ്റിനുള്ളിൽ കടക്കുകയോ, പുറത്തു വരികയോ ചെയ്യുന്നവർക്കോ ബുദ്ധിമുട്ടുണ്ടാകത്തക്കവിധത്തിൽ ഇരിക്കുകയോ, മറ്റു പ്രവർത്തനപരിപാടികളും സ്വീകരിക്കുകയോ ഒന്നും ഉണ്ടായിട്ടില്ല. ഈ ആളുകൾ വളഞ്ഞങ്ങാനം വിട്ടതു് അവിടെ അവർക്കു നൽകിയിട്ടുള്ള സ്ഥലം വാസയോഗ്യമല്ല എന്ന കാരണം പറഞ്ഞുകൊണ്ടാണു്. കഴിഞ്ഞ ഏതാണ്ടു രണ്ടുകൊല്ലമായിട്ടു് അവർ അവിടെ പാർക്കുകയായിരുന്നു. അവിടെ ഉണ്ടായിരുന്ന കുറച്ചു തടികളും മറ്റും വെട്ടിവിറ്റു് അവിടെ താമസിക്കുകയായിരുന്നു എന്നാണറിയുന്നതു്. അവിടെ കൃഷിചെയ്യാൻ വലിയ യത്നമൊന്നും ആരുംതന്നെ ചെയ്തതായി കാണുന്നില്ല. സാധാരണ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചു കൃഷിചെയ്യാൻ കുറേ പ്രയാസമുള്ള സ്ഥലമാണു് അതെന്നറിയുന്നു. ഏതായാലും ആ സ്ഥലം അന്നു് അവരുടെ നേതാക്കന്മാർ നോക്കി അംഗീകരിച്ചതിനുശേഷമാണു് നൽകിയതു്. രണ്ടു കൊല്ലമായിട്ടു് അവിടെ പാർത്തതിനുശേഷം, അതിനു പകരം അവർ പറയുന്ന സ്ഥലം അവർക്കു കൊടുക്കണമെന്ന ആവശ്യപ്പെടുകയുണ്ടായി. ആ ആവശ്യം നിറവേറുന്നതിനുവേണ്ടിയാണു് അവർ ജാഥയായി പുറപ്പെട്ടു്, കോട്ടയത്തു എത്തുകയും, അവിടെ സത്യാഗ്രഹം എന്നു പറയുന്ന ഈ പരിപാടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതു്. കുറേ അധികം ദിവസങ്ങളായിട്ടു് അവർ അവിടെ ഇരിക്കുന്നുണ്ടെങ്കിലും നേരത്തെ പറഞ്ഞതുപോലെ വലിയ ഉപദ്രവം ആർക്കും ഉണ്ടാക്കാതെയാണു് അവിടെ കഴിയുന്നതു്. ഇതിനിടയിൽ അവർ വിട്ടുപോകുന്ന സ്ഥലം കൃഷിചെയ്യാൻ കുറേ ബുദ്ധിമുട്ടുള്ളതാണെന്നു ഗവണ്മെൻറിനു കൂടി അറിവുള്ളതായതുകൊണ്ടു്, അവർക്കു് സമ്മതമാണെങ്കിൽ വേറെ സ്ഥലം കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയുണ്ടായി. വാമനപുരത്താണു് പകരം സ്ഥലം കൊടുക്കാൻ നിശ്ചയിച്ചതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇവിടെയുള്ളവർക്കുതന്നെ താമസിക്കാൻ ഭൂമിയില്ലാതിരിക്കുകയാണു്. അതറിഞ്ഞുകൊണ്ടാണോ ഈ സ്ഥലം കൊടുക്കാമെന്നു തീരുമാനിച്ചതു് ?

ശ്രീ. ആർ. ശങ്കർ: ആ സ്ഥലം അവരുടെ ആളുകൾ അവിടെ ചെന്നു നോക്കിയെന്നാണു ഞാൻ അറിയുന്നതു്. അവർ പരിശോധിച്ചിട്ടു് ആ ഭൂമി അവർക്കു ഇഷ്ടപ്പെട്ടില്ലെന്നാണറിഞ്ഞതു്. ആ സ്ഥലം കൃഷിക്കു വളരെ ഉപയുക്തമാണെന്നുള്ളകാര്യത്തിൽ ഗവണ്മെൻറിനു് സംശയമില്ല. പക്ഷേ, അവിടെയുള്ള മരങ്ങളൊക്കെ വെട്ടിപ്പോയ ഒരു സ്ഥലമാണതെന്നു ഗവണ്മെൻറിനറിയാം. അവർ അവിടെ വരുന്നില്ലെങ്കിൽ വേറെ സ്ഥലം കൊടുക്കാൻ നിവൃത്തിയില്ല. അവർക്കു അലോട്ടുചെയ്തിരിക്കുന്ന സ്ഥലത്തേയ്ക്കു മടങ്ങിപ്പോകണം അല്ലാതെ വേറെ മാർഗ്ഗമില്ലെന്നു അവരെ അറിയിച്ചിട്ടുണ്ടു്. ഏതായിരുന്നാലും ഇന്നലെ മുതൽ അവർ സത്യാഗ്രഹത്തിന്റെ അടവൊന്നു

LIBRARY ARCHIVES Kerala Legislative Assembly